● മുഹമ്മദ് താമരശ്ശേരി

# വിശുദ്ധ ഖുർആനിലെ വിമോചനമൂല്യം

**തഖ്‌വയെ നെഞ്ചിലും ധമനികളിലുമേറ്റി ജീവിക്കുന്നവർക്ക് മാത്രമേ ഏക ദൈവ വിശ്വാസപരമായ ഉറച്ച ഘടനയിലൂടെയും ക്രമബദ്ധമായ പ്രവൃത്തികളിലൂടെയും സമൂഹത്തിലേക്ക് അവരുടെ 'സേവനം' (Service) സംക്രമിപ്പിക്കാൻ സാധിക്കുകയുള്ളൂവെന്ന് വ്യക്തമാണ്. ദൈവത്തിന്റെ ആശയവും, ഇച്ഛയും ശരിയാംവണ്ണം തിരിച്ചറിയണമെങ്കിൽ, ജലത്തിന്റെ രാസഘടന അറിയുന്നത് പോലെ, ഖുർആനിക മാർഗ്ഗ നിർദ്ദേശത്തിന്റെ രാസഘടന അറിയുക തന്നെ വേണം.**

വിശുദ്ധ ഖുർആൻ വിഭാവന ചെയ്യുന്ന ഇസ്‌ലാമിക രീതിശാസ്ത്രത്തിൽ വളരെ പരിശുദ്ധമായ ആത്മീയ അടിത്തറയാണുള്ളതെങ്കിൽ, അത് തികച്ചും ധർമ്മാധിഷ്ഠിതമായ ഒരു വിശാല സംസ്കാരം ഉൾക്കൊള്ളുന്നുണ്ട്. അതിന്റെ അന്തർധാര, മനുഷ്യ രാശിയുടെ മുന്നേറ്റത്തിനും ഭൗതിക ജീവിത വിജയത്തിനും വളരെ അനുരൂപമായ സാമൂഹിക-സാമ്പത്തിക-രഷ്ട്രീയ ഘടനകളാൽ രൂപവൽകൃതവുമാണ്. എന്നാൽ കർമ്മശാസ്ത്രങ്ങളുടെ നാലതിരുകൾക്കുള്ളിൽ ഒതുങ്ങിക്കൂടി വിശുദ്ധ ഖുർആനെ അപ്രധാനമായി മാറ്റി നിർത്തിയ യാഥാസ്ഥിതിക വിഭാഗങ്ങൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നതാകട്ടെ, വളരെ കടുത്ത ഏതാനും കൽപനകളുടെയും നിയന്ത്രണ ഉത്തരവുകളുടെയും ഗ്രന്ഥമാണ് വിശുദ്ധ ഖുർആനെന്നാണ്. വിശ്വാസനിലപാടിലും ഖുർആനോടുള്ള സമീപനത്തിലും സംഭവിച്ചുകഴിഞ്ഞ ഈ വ്യതിയാനം മുസ്‌ലിം സമൂഹത്തിൽ കടുത്ത വിള്ളലുകൾ ഉണ്ടാക്കിയിരിക്കുന്നുവെന്നു മാത്രമല്ല, അന്ധവിശ്വാസം, അനാചാരം, അസ്പൃശ്യത എന്നീ വിഷവൃക്ഷങ്ങൾ വളരാനും സാഹചര്യമൊരുക്കി. മാത്രമല്ല പൊതു സമൂഹമനസ്സുകളിൽ, വളരെ ഇടുങ്ങിയ (rigid) ആശയവ്യവസ്ഥയുടെ അടിത്തറയും മേൽപ്പുരയുമുള്ള മതമാണ് ഇസ്‌ലാം എന്ന തെറ്റായ ധാരണ ആഴത്തിൽ വേരോടാനും ഇടയാക്കി. ഇത് മൂലം വിശുദ്ധ ഖുർആനിൽ നിറഞ്ഞുനിൽക്കുന്ന ആത്മീയ-ഭൗതിക തലങ്ങളുടെ സമന്വയം ഏതുകാല ഘട്ടങ്ങളിലുമുള്ള സവിശേഷവും ചലനാത്മകവുമായ ഒരാശയ വ്യവസ്ഥയിൽ അധിഷ്ഠിതമാണെന്ന സത്യം തമസ്കരിക്കപ്പെടാനും ഇടയായി. യഥാർത്ഥ ജീവിതത്തിൽ മനുഷ്യരുടെ വിമോചനത്തിന് ആവശ്യമായ സാമൂഹിക പരിവർത്തന പ്രക്രിയകൾ ത്വരിതപ്പെടുത്താൻ ആത്മീയത മാത്രമല്ല സാമ്പത്തികവും രാഷ്ട്രീയപരവും ഉൽപാദനപരവുമായ സംശുദ്ധ മേഖലകൾ കൂടി വളരെ നിർണ്ണായകം തന്നെയാണെന്ന് വിശുദ്ധ ഖുർആൻ വളരെ ശക്തമായ ഭാഷയിൽ ഉൽബോധിപ്പിക്കുന്നു. തികച്ചും കാലഘട്ട പ്രധാനമായ വളരെ ആഴത്തിലുള്ള വിശകലനാത്മക പഠനം കൊണ്ടു മാത്രമേ വിശുദ്ധ ഖുർആന്റെ മൂലസ്രോതസ്സ് ബോധ്യപ്പെടുകയുള്ളൂ. അങ്ങനെയുള്ള പഠനങ്ങൾ കാലാനുസൃതമായി നടക്കാത്തതുകൊണ്ടാണ് സാമൂഹിക ലോകത്തെ മാറ്റിപ്പണിയാൻ കെൽപ്പുള്ള വളരെ മഹത്തായ വിചാര ചക്രവാളം വിശുദ്ധ ഖുർആനിലുണ്ടെന്ന യാഥാർത്ഥ്യം വെളിപ്പെടാതെ പോകുന്നതും, അനാചാരങ്ങളുടെയും അന്ധവിശ്വാസങ്ങളുടേയും മതവൈകാരികതയുടെയും ഇടത്തിൽ ചുരുക്കിക്കെട്ടിനിറുത്തപ്പെട്ട ഒരു സമൂഹം എന്ന അസംബന്ധ വിമർശനത്തിന് മുസ്‌ലിം സമൂഹം ഇരയായിക്കൊണ്ടിരിക്കുന്നതും.

പ്രാകൃത ഗോത്രവർഗ്ഗ വ്യവസ്ഥ സമൂഹത്തിൽ ആർത്തിയും ദുരയും മാത്രമല്ല, ആൺകോയ്മയിലൂന്നിയ സുഖഭോഗത്വരയും വർദ്ധിപ്പിച്ച് സമൂഹത്തെ താറുമാറാക്കിയ ഇരുണ്ടകാലഘട്ടത്തിൽ, ജീവിതം എന്തായിത്തീരുമെന്ന കാര്യത്തിൽ അനിശ്ചിതത്വം മലപോലെ ജനങ്ങളുടെ മുന്നിൽ ഉയർന്നുവന്നുനിന്നപ്പോൾ അവരെ മാന

വികതയുടെയും തുല്യതയുടെയും സമാധാനത്തിന്റെയും പുതുമയുള്ള സാമൂഹിക സാഹചര്യങ്ങളിലേക്ക് കൈപിടിച്ചെത്തിച്ച പ്രവാചകന്റെ ഖുർആനിക ജീവിതവും അതിന് പ്രചോദനമായിത്തീർന്ന ഖുർആനിക വചനങ്ങളുടെ ഉള്ളടക്കവും മനസ്സിരുത്തി പാരായണം ചെയ്യുമ്പോൾ മാത്രമേ, വിപ്ലവത്തിന്റെ ജ്വാലാ മുഖമുള്ള വിശുദ്ധ ഖുർആന്റെ മൗലിക പ്രാധാന്യം തിരിച്ചറിയാൻ സാധിക്കുകയുള്ളൂ. ചുരുക്കിപ്പറഞ്ഞാൽ, മനുഷ്യരെ ഉത്തുംഗ സ്വഭാവ സവിശേഷതയിൽ അധിഷ്ഠിതമായ സ്വയം ക്രമീകരണത്തിന് (self organisation) സജ്ജമാക്കുന്നതിൽ ഖുർആൻ വഹിക്കുന്ന പങ്ക് വിവരണാതീതം (inexphicable) തന്നെയാണ്. തികച്ചും മനുഷ്യ നിർമ്മിതമല്ലാത്ത ഒരു വ്യവസ്ഥക്ക് മാത്രമേ സമൂഹത്തിൽ നന്മയുടെ അടിത്തറയുള്ള മാറ്റം അല്ലെങ്കിൽ പരിവർത്തനം തുടർച്ചയായും ക്രമബദ്ധമായും നടത്താൻ സാധ്യമാകുകയുള്ളൂ. അതുകൊണ്ടാണ് ഖുർആനിക അടിത്തറയുള്ള ഇസ്‌ലാമിക ദർശനം വൻകരകളെ ഭേദിച്ച് ജനങ്ങൾക്ക് സ്വീകാര്യമായിക്കൊണ്ടിരിക്കുന്നത്.

■

**യഥാർത്ഥ ജീവിതത്തിൽ മനുഷ്യരുടെ വിമോചനത്തിന് ആവശ്യമായ സാമൂഹിക പരിവർത്തന പ്രക്രിയകൾ ത്വരിതപ്പെടുത്താൻ ആത്മീയത മാത്രമല്ല സാമ്പത്തികവും രാഷ്ട്രീയപരവും ഉൽപാദനപരവുമായ സംശുദ്ധ മേഖലകൾ കൂടി വളരെ നിർണ്ണായകം തന്നെയാണെന്ന് വിശുദ്ധ ഖുർആൻ വളരെ ശക്തമായ ഭാഷയിൽ ഉൽബോധിപ്പിക്കുന്നു.**

മനുഷ്യനും ഭൂമിയും തമ്മിലുള്ള അഭേദ്യബന്ധം വ്യക്തമാക്കിയും, മനുഷ്യനന്മക്കായി ഭൂമിയിൽ നടന്നുകൊണ്ടിരിക്കുന്ന ദൈവത്തിന്റെ ഇടപെടലുകളുടെ പ്രാധാന്യം അളന്നുകാണിച്ചും കൊണ്ടുള്ള തികച്ചും വൈവിധ്യപൂർണ്ണമായ ഒരു വിചാരമാതൃകയാണ് വിശുദ്ധ ഖുർആൻ അവതരിപ്പിച്ചിട്ടുള്ളത്. സമകാലിക സാമൂഹിക-സാമ്പത്തിക ക്രമത്തിന്റെ അപചയാവസ്ഥകളിലൂടെ പ്രായാണം ചെയ്യാൻ നിർബന്ധിതരായവർ ദൈനംദിനം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രതികൂല സാഹചര്യങ്ങളെ നേരിടാൻ ധൈര്യം പകരുംവിധം അവരുമായി ഊഷ്മളമായി സങ്കലനപ്പെടുന്ന തരത്തിലും ലളിതമായ ശൈലിയിലുമാണ് വിശുദ്ധ ഖുർആൻ അവതീർണ്ണമായിട്ടുള്ളത്. ഖുർആനിക ലക്ഷ്യം സാർവ്വ ലൗകികതയും സാർവ്വ മാനവികതയുമാണ്. ഈ സത്യം മനസ്സിലാക്കാൻ സാധിച്ചത് കൊണ്ടാണ് ആഗോള മൂലധന ശക്തികൾ ഇസ്‌ലാമിന് നേരെ പ്രത്യക്ഷമായും പരോക്ഷമായും ആക്രമണം തുടർന്നുകൊണ്ടിരിക്കുന്നത്.

പ്രകൃതിയിൽ എക്കാലവും സാർവ്വ ജനീനഭാവം നിലനിർത്തുന്നതിന് പരിഷ്കൃതിയും സംസ്കാരവും സംരക്ഷിച്ചുപോകേണ്ടതുണ്ട്. എന്നാൽ ജനങ്ങളുടെ സർവ്വ വിധ പ്രശ്നങ്ങൾക്കും പരിഹാരമാർഗ്ഗങ്ങളായി ചൂണ്ടിക്കാണിക്കപ്പെട്ട മാക്സിസം ഉൾപ്പെടെയുള്ള മനുഷ്യ നിർമ്മിത സിദ്ധാന്തങ്ങൾക്ക് പരിഷ്കൃതിയേയും സംസ്കാരത്തേയും ജനങ്ങളേയും സംരക്ഷിച്ചുനിർത്താനായില്ല. മനുഷ്യ നിർമ്മിത സിദ്ധാന്തങ്ങളെല്ലാം തന്നെ ഒന്നുകിൽ അപ്രത്യക്ഷമാകുകയോ അതല്ലെങ്കിൽ ഊർദ്ധശ്വാസം വലിച്ചില്ലാതാകുകയോ ആണുണ്ടായത്. ഈ അവസരത്തിൽ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും പ്രശ്നങ്ങൾക്ക് ഇനിയെന്താണ് പ്രതിവിധിയെന്ന അന്വേഷണ ചിന്ത വികസിക്കുകയും ഖുർആനിക ഉപാധികളാണ് അവയ്ക്ക് നിർണ്ണായ ഘടകങ്ങളെന്നു വീണ്ടു വിചാരത്തിന് പ്രസക്തി കൈവരുകയും ചെയ്തു. ഖുർആനിക ഉപാധികൾ, ദൈനംദിന ജീവിതത്തിലെ കർത്തവ്യങ്ങളേയും കടമകളേയും പറ്റി വ്യക്തികളെ ബോധവാന്മാരാക്കുന്നതോടൊപ്പം, ഉൽകൃഷ്ട/അപകൃഷ്ട പന്ഥാവുകൾ തിരിച്ചറിയാൻ സഹായിക്കുകയും ചെയ്യുന്നു. ഒന്നുകൂടി വ്യക്തമാക്കുകയാണെങ്കിൽ, മനുഷ്യസമൂഹത്തിന് കാലഘട്ടപ്രധാനമായ വിജ്ഞാനപരിക്രമണത്തിലൂടെ ശുദ്ധയുക്തിയുടെ (pure reason) പരിസരത്തേക്കെത്തുന്നതിനും ജീവിത ലക്ഷ്യത്തെപ്പറ്റി തിരിച്ചറിവ് ലഭിക്കുന്നതിനും വിശുദ്ധ ഖുർആൻ പിന്തുണക്കുന്നു. അതുകൊണ്ടുതന്നെയാണ്, വിശുദ്ധ ഖുർആൻ അല്ലാഹുവിന്റെ കയറാണെന്നും (rope of Allah) അതിനെ മുറുകെ പിടിക്കുക വഴിയെ മനുഷ്യന് രക്ഷയുള്ളുവെന്നും ഉൽബോധിപ്പിക്കപ്പെട്ടിട്ടുള്ളത് (വി:ഖു:3:103).

വിശുദ്ധ ഖുർആൻ, ചരിത്രത്തിന്നതീതമായ യാഥാർഥ്യങ്ങളെപ്പോലും ജനങ്ങളുമായി സമ്പർക്കം പുലർത്താൻ അവസരമുണ്ടാക്കിയിരിക്കുന്നു. ഒരു പക്ഷേ ഈ ഉദ്യമം, ചിലരെ സംബന്ധിച്ചിടത്തോളം ആദ്യം സാങ്കൽപികമാണെന്ന തോന്നലുണ്ടാക്കിയേക്കാമെങ്കിലും, അത് ചരിത്രത്തിൽ തന്നെ സംഭവിച്ചിട്ടുള്ളതും ചരിത്രത്തിൽ ക്രമീകരിക്കപ്പെട്ടിട്ടുള്ളതുമാണെന്ന് ക്രമേണ ബോധ്യപ്പെടുന്ന തരത്തിലുള്ളതാണ്. അതിന്റെ ഭാഗമായി തന്നെയാണ്, ഓരോ കാലഘട്ടത്തിലും ഭൂമിയിൽ തിന്മ വർധിക്കുമ്പോൾ ദൈവം നടത്തിയിട്ടുള്ള ഇടപെടലുകൾ വ്യക്തമാക്കിക്കൊണ്ട്, ഭൂമിയിൽ പല പ്രദേശങ്ങളിലായി വിവിധ ജീവിത രീതികളും ഭാഷകളും സംസാരിക്കുന്ന ജനവിഭാഗങ്ങളുടെ ഇടയിൽ ദൈവസന്ദേശ ഉത്ബോധനവുമായി പ്രവാചകന്മാർ വന്നത്. എല്ലാ പ്രവാചകന്മാരുടേയും ഉദ്ബോധനം ജീവിതത്തിൽ സന്മാർഗ്ഗമായും നിയമപരമായും സാമൂഹികമായും മനുഷ്യൻ കൈകൊള്ളേണ്ട ശുദ്ധ നിലപാടുകൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ളതായിരുന്നു. ഈ ശുദ്ധ നിലപാടുകളുടെ വികാസത്തിനും സാക്ഷാൽകാരത്തിനും ജഗദ്സ്രഷ്ടാവും പരിപാലകനുമായ ദൈവത്തിന്റെ ഏകത്വത്തിലുള്ള ഉറച്ച വിശ്വാസമാണ് നിർണ്ണായകമെന്നും അവർ വീണ്ടും

വീണ്ടും ജനങ്ങളെ ഓർമ്മപ്പെടുത്തുകയും ചെയ്തു.

വിശുദ്ധ ഖുർആൻ അവതീർണമായത് മനുഷ്യ വർഗ്ഗത്തിൽ ദൈനംദിനകാര്യങ്ങളിൽ മാർഗനിർദ്ദേശമായിട്ടാണ്. അതുകൊണ്ട് അതിന്റെ അവതരണം പലഘട്ടങ്ങളിലായി നടന്നത്. ഖുർആൻ പറയുന്നു:

'നീ ജനങ്ങൾക്ക് സാവകാശത്തിൽ ഓതികൊടുക്കേണ്ടതിനായി ഖുർആനെ നാം (പല ഭാഗങ്ങളായി) വേർതിരിച്ചിരിക്കുന്നു. നാം അതിനെ ക്രമേണയായി ഇറക്കുകയും ചെയ്തിരിക്കുന്നു' (വി.ഖു:17:106)

വിശുദ്ധ ഖുർആനിലെ മാർഗ്ഗ നിർദ്ദേശങ്ങൾ മുറുകെപ്പിടിച്ചതുകൊണ്ടാണ് ആദ്യകാല മുസ്ലിംകൾക്ക് അവക്കെതിരെ മുഖാമുഖം വന്ന കടുത്ത സംഘർഷ സാഹചര്യങ്ങളോട് ഏറ്റുമുട്ടാനും എതിരാളികളിൽ നിന്നു പോലും സമാധാനത്തിന്റേയും പിന്തുണയുടെയും അവസരങ്ങൾ നേടിയെടുക്കാനും കഴിഞ്ഞത്. ഇതിൽ നിന്നും നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നതെന്തെന്നാൽ, നിശ്ചയമായും ജനങ്ങളുടെ ജീവിത സാഹചര്യങ്ങൾക്ക് അനുയോജ്യമായ വിധം കാലത്തേയും സമയത്തേയും ഒരുക്കിക്കൊണ്ടിരിക്കുന്ന ഒരു Divine Entity യുണ്ടെന്നും, പ്രസ്തുത അസ്തിത്വം അല്ലെങ്കിൽ ശക്തി ജനങ്ങളോട് സംസാരിക്കുന്നതും സമ്പർക്കം പുലർത്തുന്നതും വിശുദ്ധ ഖുർആൻ വഴിയാണെന്നുമാണ്. അതിനാൽ നാം എപ്പോഴും വിധേയമാകേണ്ട കാഴ്ചപ്പാട് ഖുർആനികമായിരിക്കണം. അതുപോലെ കർമ്മരംഗങ്ങളിൽ കാലെടുത്തുവെക്കുമ്പോൾ ആർജിക്കേണ്ടശക്തിയും ഖുർആനികമായിരിക്കണം.

വിശുദ്ധ ഖുർആൻ വംശീയതക്കും സാമ്പത്തിക ചൂഷണത്തിനും എതിരേ ജാഗ്രതയായിരിക്കാൻ ഓർമ്മപ്പെടുത്തുന്നുണ്ട്. അതുകൊണ്ടാണ് സാമൂഹിക-രാഷ്ട്രീയ ഘടനകളെ ക്രമീകരിക്കാനും ശുദ്ധീകരിക്കാനും അത് ആഹ്വാനം ചെയ്യുന്നതും. കാരണം, ഖുർആൻ ലക്ഷ്യമാക്കുന്നത് തിന്മകളിൽ നിന്നും അടിച്ചമർത്തലുകളിൽ നിന്നുമുള്ള മനുഷ്യന്റെ മോചനമാണ്. ഈ ലക്ഷ്യത്തെ വിശുദ്ധ ഖുർആനിലെ 'വിമോചനമൂല്യം' എന്നു വിളിക്കാം. -ഈ വിമോചന മൂല്യം, മതത്തെ സാമൂഹിക-രാഷ്ട്രീയ തലങ്ങളിൽ നിന്നും വേർതിരിച്ച് നിറുത്താതെ വർണം, ലിംഗം, വർഗ്ഗം എന്നീ വിഭജനങ്ങളിൽ നിന്നും മനുഷ്യ വർഗ്ഗത്തിന് മോചനം (Liberation) വാഗ്ദാനം ചെയ്യുന്നു. ഖുർആനിക വിമോചന മൂല്യത്തിൽ നിന്നുള്ള പ്രചോദനം ഉൾക്കൊണ്ടാണ് ഇറാനിലും, സൗത്ത് ആഫ്രിക്കയിലുമുള്ള മുസ്ലിംകൾ അധീശാധിപത്യത്തിന് നേരെ പോരാടിയത്. ഇന്ന്, ഈജിപ്തിലും മറ്റ് അറബ് രാജ്യങ്ങളിലും അസംതൃപ്ത ജനങ്ങളുടെ കൂട്ടായ്മകൾ രൂപം കൊള്ളുന്നതിനും പ്രചോദകമായിത്തീർന്നിട്ടുള്ളതും വിശുദ്ധ ഖുർആനിലെ വിമോചന മൂല്യത്തെക്കുറിച്ച തിരിച്ചറിവാണ്.

ഖുർആനിക വിമോചന മൂല്യം സ്പഷ്ടമാക്കിത്തരുന്ന രണ്ട് സുപ്രധാന ഘടകങ്ങളാണ് തഖ്‌വയും (an awareness of the premier of Allah) തൗഹീദും (The Unity of Allah). ഇവരണ്ടിന്റേയും ലക്ഷ്യം ദൈവത്തിന്റെ ഏകത്വത്തിലധിഷ്ഠിതമായ വിശ്വാസവും മനുഷ്യന്റെ ധാർമ്മികവും പ്രാമാണികവുമായ ശുദ്ധ അവസ്ഥയുമാണ്. അവയാകട്ടെ, ദൈവശാസ്ത്രപരം എന്നവകാശപ്പെടുന്ന പഴയതും പുതിയതുമായ മതരീതികളേയും സിദ്ധാന്തങ്ങളേയും പോലെ ചരിത്രപരവും രാഷ്ട്രീയസാമൂഹികമായ സന്ദർഭങ്ങളെ ഉൾക്കൊള്ളാൻ വൈമുഖ്യം കാണിക്കുന്നുമില്ല. ഈ രണ്ടുഘടകങ്ങളേയും അടിസ്ഥാനപ്പെടുത്തിയുള്ള ദൈവവിശ്വാസത്തിലും കർമ്മപന്ഥാവിലും ജീവിക്കുന്നവർക്ക് മാത്രമേ ദൈവമാർഗ്ഗത്തിൽ ജനനന്മക്കായി ഊർജ്ജസ്വലരായി പ്രവർത്തിക്കാൻ കഴിയുകയുള്ളൂ.

**തഖ്‌വ**

'തഖ്‌വ'യെ 'ദൈവത്തോടുള്ള ഭയഭക്തി', 'ധർമ്മനിഷ്ഠത' എന്നെല്ലാം വ്യാഖ്യാനിക്കാം. ജീവിത യാത്രയിലെ ഓരോ ചുവടുവെപ്പും, ആന്തരികമായും ബാഹ്യമായും ദൈവത്തോട് പ്രതിബദ്ധത പുലർത്തിക്കൊണ്ടായിരിക്കണമെന്ന് വിവക്ഷ. ദൈവത്തോട് പ്രതിബദ്ധത പുലർത്തുന്നവർക്കേ മനുഷ്യരോടുള്ള കടമ നിറവേറ്റാനും കഴിയുകയുള്ളൂ. തഖ്‌വ അടിസ്ഥാനപ്പെടുത്തിയുള്ള ഈ യാഥാർത്ഥ്യം വിശുദ്ധ ഖുർആൻ വ്യക്തമാക്കിയിരിക്കുന്നത് ശ്രദ്ധിക്കുക:

'ഹേ, മനുഷ്യരെ, തീർച്ചയായും നിങ്ങളെ നാം ഒരാണിൽ നിന്നും പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമ്മ നിഷ്ഠ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മ ജ്ഞാനിയുമാകുന്നു' (വി. ഖു: 49:13).

അതുപോലെ, മനുഷ്യന്റെ ഹ്രസ്വകാലജീവിതത്തിൽ ദൈവപ്രീതി കാംക്ഷിച്ച് ആരെല്ലാം ധർമ്മനിഷ്ഠ പാലിക്കുന്നുവോ അവരെ അല്ലാഹു എളുപ്പത്തിലേക്കും, ആയതിനു വിപരീതമായ നിലപാട് ആരെല്ലാം കൈക്കൊള്ളുന്നുവോ, അവരെ ഞെരുക്കത്തിലേക്കും സൗകര്യപ്പെടുത്തുമെന്ന് 'ലൈൽ' എന്ന അധ്യായത്തിലൂടെ അല്ലാഹു അറിയിച്ചിട്ടുണ്ട്. (വി: 9:5-10). ഇതിൽ നിന്നും തഖ്‌വക്ക് വളരെ അഗാധവും വിശാലവുമായ അർത്ഥ തലമാണുള്ളതെന്ന് മനസ്സിലാക്കാൻ കഴിയും. തഖ്‌വയുടെ തണലിലേക്ക് നടന്നടുക്കാൻ കഴിയുന്നതാകട്ടെ, ഭൗതിക ലോകത്തിൽ ഒരാളെ പൊതിയുന്ന സർവ്വവിധ ദോഷചിന്തകളിൽ നിന്നും പ്രവൃത്തികളിൽ നിന്നും അകന്നു ജീവിക്കുമ്പോൾ മാത്രമാണ്. ഭൂമിയിലെ കുറഞ്ഞ കാല ജീവിതത്തിൽ ഭൗതിക നേട്ടങ്ങളും സുഖങ്ങളും ലക്ഷ്യമാക്കി ജീവിക്കുന്നവരെ സംബന്ധിച്ചിടത്തോളം അവരുടെ ജീവിതം നഷ്ടങ്ങളുടെ കണക്കുകൾകൊണ്ട്

നിറഞ്ഞതായിരിക്കും.

മനുഷ്യന്റെ നിത്യജീവിതവുമായി ഒട്ടിച്ചേർന്നു കിടക്കുന്ന ഒട്ടനവധി നിഗൂഢതകളെപ്പറ്റിയും, അധികപങ്ക് ജനങ്ങൾക്കും അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന സാമൂഹിക അന്യവൽക്കരണത്തെപ്പറ്റിയും, അതുസംബന്ധമായി ഉത്തരം കിട്ടാതെ പാറി നടക്കുന്ന അനേകം സമസ്യകളെപ്പറ്റിയുമാണ് വിശുദ്ധ ഖുർആൻ നമ്മോട് സംവദിക്കുന്നത്. അത്കൊണ്ടുതന്നെയാണ് വിശുദ്ധ ഖുർആൻ 'സാമൂഹിക സുരക്ഷിതത്വം വളരെ മർമ്മസ്പർശിയായി എടുത്തുകാണിക്കുന്നതും. എല്ലാ വൈയക്തിക സാമൂഹിക പ്രക്രിയകളിലും ദൈവസ്മരണ നിലനിർത്തിക്കൊണ്ടു നീതിയുക്തമായ സമീപനം കൈകൊള്ളാൻ ആഹ്വാനം ചെയ്തുകൊണ്ടുള്ള അത്യന്തം വിപുലമായ വിചാരലോകമാണ് ഖുർആൻ കാഴ്ചവെക്കുന്നത്. അധീശവർഗ്ഗത്തിന്റെ മേൽക്കോയ്മയെ തലകുനിച്ച് സ്വീകരിച്ചുകൊണ്ടിരിക്കുന്ന മർദ്ദിത വിഭാഗങ്ങളെ ഉദ്ധരിക്കാൻ വേണ്ടിയാണ് തഖ്‌വയെ സാമൂഹിക പ്രവർത്തനവുമായി (Social Interaction) ഖുർആൻ ബന്ധിപ്പിച്ചിട്ടുള്ളത്. സാമൂഹികമായ പങ്കിടൽ (Social Sharing), കടമകൾ കൃത്യമായി നിറവേറ്റൽ (Fulfilling Covenents) മുതലായ നിർണ്ണായക പ്രാധാന്യമുള്ള വിഷയങ്ങൾ സമൂഹത്തെ ശുദ്ധീകരിച്ചെടുക്കുന്നതിന് എപ്രകാരം ഉതകുന്നുവെന്ന ഉൽബോധനം (വി.ഖു: 92:5, 3:79) മനുഷ്യന്റെ സാമൂഹിക സുരക്ഷിതത്വത്തെ എത്ര ഗൗരവത്തോടെയാണ് വി.ഖുർആൻ കൈകാര്യം ചെയ്തിരിക്കുന്നതെന്ന് മനസ്സിലാക്കിത്തരുക മാത്രമല്ല, വിശുദ്ധ ഖുർആൻ മനുഷ്യൻ ഏറ്റവും നല്ല സംരക്ഷണ കവചമായാണ് നൽകപ്പെട്ടിട്ടുള്ളതെന്ന് ബോധ്യപ്പെടുത്തുകയും ചെയ്യുന്നു. ഇതിൽ നിന്നും തഖ്‌വയെ നെഞ്ചിലും ധമനികളിലുമേറ്റി ജീവിക്കുന്നവർക്ക് മാത്രമേ ഏക ദൈവ വിശ്വാസപരമായ ഉറച്ച ഘടനയിലൂടെയും ക്രമബദ്ധമായ പ്രവൃത്തികളിലൂടെയും സമൂഹത്തിലേക്ക് അവരുടെ 'സേവനം' (Service) സംക്രമിപ്പിക്കാൻ സാധിക്കുകയുള്ളൂവെന്ന് വ്യക്തമാണ്. അങ്ങനെ വരുമ്പോൾ, ഒട്ടും തന്നെ സേവന തൽപരതയില്ലാതെ വെറും കാഴ്ചക്കാരായി മാത്രം സമൂഹത്തിൽ ദിനരാത്രങ്ങൾ ചിലവഴിച്ചുകൊണ്ടിരിക്കുന്നവരെ സംബന്ധിച്ചിടത്തോളം വിശുദ്ധ ഖുർആന്റെ ഊഷ്മള തലങ്ങൾ അനുഭവവേദ്യമല്ലാതായി തീരുന്നുവെന്നു മാത്രമല്ല, മനുഷ്യവർഗ്ഗത്തിന്റെ വളർച്ചക്കും സുരക്ഷിതത്വത്തിനും വേണ്ടി പോരാടാനുള്ള ദൈവത്തിന്റെ ആജ്ഞകൾ നിഷേധിച്ചുകൊണ്ടിരിക്കുന്നവരുടെ പട്ടികയിലേക്ക് അവർ ചെന്നു ചേരുകയും ചെയ്യും. ദൈവത്തിന്റെ ആശയവും, ഇഛയും ശരിയാംവണ്ണം തിരിച്ചറിയണമെങ്കിൽ, ജലത്തിന്റെ രാസഘടന അറിയുന്നത് പോലെ, ഖുർആനിക മാർഗ്ഗ നിർദ്ദേശത്തിന്റെ രാസഘടന അറിയുക തന്നെ വേണം. 'തഖ്‌വ' നമ്മുടെ അവബോധത്തെ ശരിയായ നിലയിൽ പുനർനിർമ്മിച്ച് രൂപപ്പെടുത്തിയെടുക്കുന്നു. മുസ്ലിംകളെ സംബന്ധിച്ചിടത്തോളം തഖ്‌വയുള്ളവരായിക്കൊണ്ട്, സമൂഹത്തിൽ നടമാടിക്കൊണ്ടിരിക്കുന്ന സർവ്വവിധ സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ അധികാര വിനിമയ രീതികളെപ്പറ്റിയും സൂക്ഷ്മ നിരീക്ഷണം നടത്തിക്കൊണ്ടിരിക്കേണ്ടതും, ആവശ്യമായ ഇടപെടലുകൾ നടത്തി സമൂഹത്തെ ധർമ്മ നിഷ്ഠയിലേക്ക് പരിവർത്തിപ്പിക്കാൻ വളരെ ആക്ടീവായി ഭാഗഭാക്കാകേണ്ടതും വിശ്വാസപരമായ ബാധ്യതയാണ്.

ഇതിൽ നിന്നും, തഖ്‌വയിലേക്ക് ഊർന്നിറങ്ങുന്നവർക്ക് സമയവും കാലവും ഒട്ടും തന്നെ പാഴാക്കിക്കളയാൻ സാധിക്കുകയില്ലെന്നു മാത്രമല്ല, സാമൂഹിക ജീവിത്തിലെ വിവിധ ഘട്ടങ്ങളുടെ പാളിച്ചകൾ തൊട്ടറിഞ്ഞ് സമൂഹത്തെ നീതി (Justice), സ്വാതന്ത്ര്യം(Freedom), സത്യസന്ധത (Honesty), സമഗ്രത (Integrity) എന്നിവയിലധിഷ്ഠിതമായ ഒരു മഹത്തായ മണ്ഡലമായി പുതുക്കിപ്പണിയാൻ കഠിന ശ്രമം നടത്താൻ ഉത്തരവാദിത്വമുള്ളവരാണെന്ന് മനസ്സിലാക്കാൻ കഴിയുന്നു. അതിനാൽ, സമൂഹത്തിൽ ഓരോ കാലഘട്ടത്തിലും വിശ്വാസികൾ നടത്തുന്ന സാമൂഹികവും രാഷ്ട്രീയപരവുമായ സംശുദ്ധ ഇടപെടലുകളെ ഒരിക്കലും ഒരു അവിശുദ്ധ ക്രീഢയായോ മതപരിധി ലംഘിച്ചുകൊണ്ടുള്ള പ്രവൃത്തിയായോ വിമർശിക്കുന്നത് അനുചിതമായിരിക്കും. സമൂഹത്തിനു വേണ്ടി ഒന്നും ചെയ്യേണ്ടതില്ലെന്നും കേവലം അനുഷ്ഠാനങ്ങളും ധ്യാനനിരതയുംകൊണ്ട് ഖുർആനിക ജീവിതം പൂർണ്ണമാകും എന്ന രീതിയിലുള്ള ധാരണകൾ തികച്ചും ഉപരിപ്ലവം തന്നെയാണ്. അപ്പോൾ ഖുർആൻ പ്രമുഖ്യം നൽകുന്നത് തഖ്‌വായിൽ അടിയുറച്ചുനിന്നുകൊണ്ട് ജീവിക്കുന്നവരും ലക്ഷ്യബോധമുള്ളവരുമായ വ്യക്തികളുടേയും സമൂഹങ്ങളുടെയും നിർമ്മിതിയാണ്. ഇക്കാര്യം വ്യക്തമാക്കുന്നതാണ്, തഖ്‌വയുള്ളവർക്ക് ഗൈഡൻസാണ് (guidance) ഖുർആൻ എന്ന പ്രഖ്യാപനം (വി. ഖു: 2:2).

ഇനി, ഖുർആനിലെ വിമോചന മൂല്യത്തിന്റെ അടിത്തറയായ തൗഹീദിനെപ്പറ്റി ചിന്തിക്കാം. തൗഹീദ് എന്ന പദം ഖുർആനിൽ വരുന്നില്ലെങ്കിലും, അത് ദൈവത്തിന്റെ ഏകത്വമെന്ന വസ്തുനിഷ്ഠത വളരെ സ്പഷ്ടമായും സൂക്ഷ്മതയോടും കൂടി നമുക്ക് വെളിപ്പെടുത്തിതരുന്നു:

'പറയുക; അല്ലാഹു ഏകനാകുന്നു. അല്ലാഹു ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു. അവൻ (ആർക്കും) ജന്മം നൽകിയിട്ടില്ല; (ആരുടെയും സന്തതിയായി) ജനിച്ചിട്ടുമില്ല. അവന് തുല്യനായി ആരും ഇല്ല താനും' (ഖു: 112:1-4).

ഇസ്ലാമിക വിശ്വാസത്തിന്റെ അടിസ്ഥാനം തന്നെ തൗഹീദാണ്. ഈ അടിസ്ഥാന തത്വത്തിൽ ഉറച്ചു നിന്നിരുന്നതിനാലാണ് ആദ്യകാല മുസ്ലിം സമൂഹങ്ങൾക്ക് അക്രമികളായ പല ആധിപത്യ ശക്തികളേയും അനായാസം പരാജയപ്പെടുത്താൻ സാധ്യമായത്. സാമൂഹിക-രാഷ്ട്രീയ സാധ്യതകളുടെ ഹൃദയം തന്നെ തൗഹീദിന്റെ അടിത്തറയുള്ളതായിരിക്കണമെന്ന ദൃഢ വിശ്വാസത്തെ ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള ചരിത്രസംഭ

വങ്ങൾ നിരവധിയാണ്. ഒരാണിൽ നിന്നും ഒരു പെണ്ണിൽ നിന്നും സൃഷ്ടിക്കപ്പെട്ട മനുഷ്യരാശിയുടെ തമ്മിൽ തമ്മിലുള്ള ബന്ധങ്ങളിലും സാമൂഹികവും രാഷ്ട്രീയപരവുമായ വ്യവസ്ഥകളിലും ഘടനകളിലും, സാമ്പത്തിക വ്യവഹാരങ്ങളിലും ദൈവത്തിന്റെ ഏകത്വമെന്ന പ്രകാശധാരയെ പ്രതിഫലിപ്പിച്ചുകൊണ്ട് പ്രവർത്തിക്കേണ്ട ഭാരിച്ച ചുമതലയുള്ളവരാണ് മുസ്‌ലിംകൾ. ഈ ചുമതല ഒട്ടും തന്നെ വ്യതിചലനമില്ലാതെ നിറവേറ്റുന്നവരാണ് അല്ലാഹുവിന്റെ സ്നേഹിതന്മാർ (ഔലിയ) എന്ന സ്ഥാനത്തിന് അർഹർ. അതല്ലാതെ അതീന്ദ്രിയജ്ഞാനത്തിന്റെയും, മാന്ത്രിശക്തിയുടേയും ബലത്താൽ അത്ഭുത പ്രവർത്തനങ്ങൾ കാണിക്കുന്നവരാണ് അല്ലാഹുവിന്റെ സ്നേഹിതന്മാർ എന്ന കപട അവബോധവാദം ഒട്ടും തന്നെ ഇസ്‌ലാമികമല്ല. അങ്ങനെവരുമ്പോൾ, തൗഹീദിനെ വളരെ അർത്ഥ വികാസമുള്ള ഒരു Concept ആയി വ്യാഖ്യാനിക്കാനും കഴിയും. പ്രസ്തുത Concept സർവവിധ ചൂഷണങ്ങളേയും അന്ധമായ ഉപഭോഗത്വരയേയും ആധിപത്യസംസ്കാരത്തേയും തുടച്ചുമാറ്റാൻ ശക്തിപകരുന്ന മഹത്തായ ഒരു ഉപകരണം (Instrument) കൂടിയാണെന്നും നമുക്ക് ബോധ്യപ്പെടുന്നു. അതിനാൽ തൗഹീദെന്ന മഹത്തായ ഉപകരണത്തിന്റെ സാമൂഹിക ദർശനം വിശ്വാസമേഖലയിൽ മാത്രമല്ല സാമ്പത്തികവും രാഷ്ട്രീയപരവും ഭരണപരവുമായ മണ്ഡലങ്ങളിൽ ഏതേതുവിധത്തിലെല്ലാം പ്രതിപ്രവർത്തനം നടത്തി സാമൂഹിക രൂപവൽക്കരണ പ്രക്രിയകളിൽ നിർണ്ണായകത്വം വഹിക്കുന്നുണ്ടെന്ന യാഥാർത്ഥ്യം പൊതു സമൂഹബോധത്തിൽ വിലയിപ്പിക്കാൻ കഴിഞ്ഞാൽ മാത്രമേ തികച്ചും നീതിനിഷ്ഠമായ സമൂഹത്തെ വാർത്തെടുക്കാനും പറ്റുകയുള്ളൂ. അതുവഴി, സാമൂഹികസംഘർഷങ്ങളാൽ ഉളവാകുന്ന അപമാനകരവും വികൃതവുമായ ജീവിതത്തിന് പരിഹാരം മതവൈകാരികതയല്ലെന്നും മറിച്ച് ഏകദൈവവിശ്വാസത്തിലധിഷ്ഠിതമായ പ്രവർത്തന മേഖലയുടെ വികാസമാണെന്നും സമൂഹത്തിന് ബോധ്യപ്പെടുകയും ചെയ്യും. ഈ കാര്യം വ്യക്തമായി മനസ്സിലാക്കണമെങ്കിൽ, വിയോജിപ്പും സംഘർഷങ്ങളും ക്രമരഹിത കൂമ്പാരങ്ങളായി മാർഗ്ഗതടസ്സമുണ്ടാക്കിയിട്ടും, യാഥാർത്ഥ്യങ്ങളുടെ കണ്ണാടിക്ക് മുന്നിൽ പുറം തിരിഞ്ഞുനിന്നിരുന്നവരും തിന്മയുടെ രത്യുത്സവങ്ങളിലേക്ക് ഊളിയിട്ടിറങ്ങിയവരുമായ ഒരു ജനതയുടെ മനസ്സിൽ എവ്വിധമാണ് പ്രവാചകൻ തൗഹീദിന്റെ പ്രഥമ സ്ഫുലിംഗം ഉരുവാക്കിയതെന്നും, പിന്നീടവരെ ഏകദൈവവിശ്വാസത്തിന്റെ ഒരിക്കലും അണയാത്ത തീനാളം പേറുന്നവരും ദിശാബോധം ലഭിച്ചവരുമായ വിശ്വാസികളുടെ ചെറുസമൂഹങ്ങളായി രൂപപ്പെടുത്തിയെടുത്തതെന്നും, ഒടുവിൽ സമൂഹമാക്കി മാറ്റിയതെങ്ങിനെയെന്നുമുള്ള വസ്തുത മനസ്സിലാക്കാൻ അക്കാലസാമൂഹിക ചരിത്രത്തിന്റെ താളവും ക്രമവും ആവേഗവും വസ്തുനിഷ്ഠമായി അളന്ന് വിലയിരുത്തുക തന്നെവേണം. ചരിത്രപരമായ കാലത്തിന് മൂന്ന് സുപ്രധാന ദൈർഘ്യങ്ങളുണ്ടെന്ന വാദം പോലെ, പ്രവാചകന്റെ ദൗത്യ പ്രയാണ കാലയളവിനും മൂന്ന് സുപ്രധാന ഘട്ടങ്ങളുള്ളതായി കാണാം. അവയെല്ലാം വ്യത്യസ്ത വേഗതാ ക്രമങ്ങളോടുകൂടിയവയുമായിരുന്നു. അതിൽ ആദ്യത്തേത് സംഘർഷങ്ങളും ഒറ്റപ്പെടുത്തലും നിറഞ്ഞ പ്രബോധന കാലമാണെങ്കിൽ, രണ്ടും മൂന്നും ഘട്ടങ്ങൾ വിശ്വാസികളുടെ സമൂഹരൂപൽകരണകാലവും, ഹിജ്റക്ക് ശേഷം നടന്ന തൗഹീദിൽ അധിഷ്ഠിതമായ ഒരു സ്റ്റേറ്റിന്റെ (State) സംസ്ഥാപനവുമായിരുന്നു. ഈ മൂന്നു ഘട്ടങ്ങളും ഇസ്‌ലാമിക സംസ്കാരോദയത്തെ സംബന്ധിച്ച പഠനങ്ങളുടെ സാധൂകരണത്തിന് അവലംബിക്കാവുന്ന പാഠങ്ങളാണ്.

യഥാർത്ഥത്തിൽ, ദൈവത്തിന്റെ ഏകത്വം (തൗഹീദ്) വിളംബരം ചെയ്യുന്നത്, ഒരാണിൽ നിന്നും പെണ്ണിൽ നിന്നും സൃഷ്ടിക്കപ്പെട്ട മനുഷ്യ സമൂഹം തത്വത്തിൽ ഒന്നാണെന്നാണ്. അതിനാൽ ദൈവത്തിന്റെ ഏകത്വത്തെ മുൻനിറുത്തി നാം ഈ ഭൂമിയിൽ ഒരുമയോടെ ജീവിക്കേണ്ടതുണ്ട്. അങ്ങനെ വരുമ്പോൾ, വർണ്ണ–വർഗ്ഗ–സാമ്പത്തിക വേർതിരിവുകളിലൂടെ ജനങ്ങളെ പിളർത്തി സംഘർഷങ്ങൾക്കും സംഘട്ടനങ്ങൾക്കും വഴിയൊരുക്കുന്ന വ്യക്തികളുടേയും ഭരണകൂടങ്ങളുടേയും നീക്കങ്ങളത്രയും പ്രതിരോധിക്കേണ്ടതായി വരുന്നു.

**യഥാർത്ഥ ജീവിതത്തിൽ മനുഷ്യരുടെ വിമോചനത്തിന് ആവശ്യമായ സാമൂഹിക പരിവർത്തന പ്രക്രിയകൾ ത്വരിതപ്പെടുത്താൻ ആത്മീയത മാത്രമല്ല സാമ്പത്തികവും രാഷ്ട്രീയപരവും ഉൽപാദനപരവുമായ സംശുദ്ധ മേഖലകൾ കൂടി വളരെ നിർണ്ണായകം തന്നെയാണെന്ന് വിശുദ്ധ ഖുർആൻ ശക്തമായ ഭാഷയിൽ ഉൽബോധിപ്പിക്കുന്നു.**

ഇതിൽ നിന്നും, മനുഷ്യവർഗ്ഗത്തിന്റെ, പ്രത്യേകിച്ച് പാർശ്വവൽക്കരിക്കപ്പെട്ടവരുടെ വിഹ്വലതകൾക്ക് പരിഹാരവും ഉത്തരവും നൽകുന്ന ഖുർആനിലെ വിമോചനമൂല്യം, മനുഷ്യനെന്ന നിലയിലുള്ള സ്വതന്ത്രഅസ്തിത്വം നിലനിർത്താൻ സഹായകമാണെന്ന് തിരിച്ചറിയാൻ സാധിക്കുന്നു. തൗഹീദും തഖ്‌വയും, അടിത്തറയും മേൽപ്പുരയുമാക്കി പ്രവാചകൻ തുടർന്നു വന്ന ഖുർആനിക പ്രബോധനത്തിന്റേയും ജീവിതത്തിന്റെയും ചലനാത്മകതയാണ് ഇരുണ്ടകാലഘട്ടത്തിൽ മൃഗതുല്യജീവിതം നയിച്ചിരുന്ന ജനവിഭാഗങ്ങളുടെ ജീവിതം മൂല്യാധിഷ്ഠിത–സാംസ്കാരിക ജീവിതമായി പരിവർത്തനപ്പെടുത്തിയത്. 'ഞങ്ങൾ ഇസ്‌ലാം സ്വീകരിക്കുന്നതിന് മുമ്പ് ശവം തിന്നിരുന്നു, ഞങ്ങളിലെ പ്രബലർ ദുർബലരെ അടിച്ചമർത്തിയിരുന്നു എന്നു തുടങ്ങി, നജ്ജാശി ചക്രവർത്തി

യുടെ മുമ്പാകെ ജഅ്ഫറുബ്നു അബീ ത്വാലിബ്(റ) നടത്തിയ പ്രസംഗം ശ്രദ്ധേയമാണ്.

ക്വാണ്ടം തിയറിയിൽ (Quantum Theory) വിവരിക്കപ്പെടുന്ന 'കണക്കുകൾ' യഥാർത്ഥത്തിൽ വസ്തുതയല്ലെന്നും മറിച്ച് വസ്തുവിനെപ്പോലെ തോന്നിപ്പിക്കുന്ന സ്ഥല-കാല പ്രതീതിമാത്രമാണെന്നും ക്വാണ്ടം ബലതന്ത്രം (Quantum Physics) സ്ഥാപിക്കുമ്പോൾ, വസ്തുവെന്നത് ആത്യന്തികമായി സ്ഥല-കാല പ്രതിഭാസങ്ങളുടെ പ്രതിഫലനം മാത്രമാണെന്നും, പ്രസ്തുത സ്ഥല-കാലങ്ങൾ വളരെ സനാതനമായ നിത്യപ്രതിഭാസങ്ങളാണെന്നും 'സ്ട്രിങ്ങ് തിയറി' വ്യക്തമാക്കുന്നു. അത് പോലെ പ്രപഞ്ചം നിയതമാണെന്ന് (Unbounded) തന്നെയാണ് സ്റ്റീഫൻ ഹോക്കിംഗിന്റേയും അഭിപ്രായം. അങ്ങനെവരുമ്പോൾ ഈ പ്രപഞ്ചത്തിന്റെ ഉത്ഭവത്തിനും അതിന്റെ വികാസത്തിനും ക്രമബദ്ധമായ പ്രവർത്തനത്തിനും ഒരു 'ശക്തി' അനിവാര്യം തന്നെയാണെന്ന് ശാസ്ത്രവും ശാസ്ത്രീയ വിശകലനങ്ങളും സമ്മതിച്ചു തരുന്നു. ആ ശക്തിയാണ് അല്ലാഹു. അല്ലാഹു അവതരിപ്പിച്ച ഏകദൈവവിശ്വാസത്തിലും (തൗഹീദ്), ദൈവത്തോടുള്ള ഭയഭക്തിയിലും (തഖ്‌വ) അധിഷ്ഠിതമായ ആത്മീയ-ഭൗതിക ബോധത്തിന്റെ നൈസർഗിക അസ്തിത്വം തുളുമ്പുന്നതും മനുഷ്യനെ അനുദിനം വരിഞ്ഞു മുറുക്കിക്കൊണ്ടിരിക്കുന്ന സർവ്വ വിധ ബന്ധനങ്ങളിൽ നിന്നും മോചനം നൽകുന്നതും, അവന്ന് മെച്ചപ്പെട്ട ജീവിതം ഉറപ്പാക്കുന്നതിന്നാവശ്യമായ വിമോചന മൂല്യം ഉൾക്കൊള്ളുന്നതുമായ വിശുദ്ധ ഖുർആൻ ഈ ഭൂമുഖത്ത് ഏതു കാലഘട്ടത്തിനും ചേരുന്ന സമഗ്രജീവിത വ്യവസ്ഥയാണ്. ഖുർആനിലെ വിമോചനമൂല്യം പലരാലും ശ്രദ്ധിക്കപ്പെടാതെ പോകുന്നത്, വിശുദ്ധ ഖുർആനെ വെറുമൊരു പാരായണ ഗ്രന്ഥമായി ചുരുക്കിക്കൊണ്ടും, ആത്മീയതയെ ആദായമുള്ള വ്യാപാരമായി വികസിപ്പിച്ചുകൊണ്ടും ചില സ്ഥാപിത താൽപര്യക്കാർ നടത്തിക്കൊണ്ടിരിക്കുന്ന ചിന്താവ്യായാമങ്ങളാലാണ്.

അപ്പോൾ, ദൈവത്തിന്റെ സർവ്വാധിപത്യത്തിനു കീഴിൽ, സമൂഹത്തിന്റെ വികസനത്തിനും, മർദ്ദിതരുടെ വിമോചനത്തിനും വേണ്ടിയുള്ള സമരങ്ങൾക്ക് തൗഹീദിലും തഖ്‌വയിലും അധിഷ്ഠിതമായ വേദിയൊരുക്കുകയെന്നതാണ് നമ്മുടെ ധർമ്മം.

■